# ചർച്ച് ന്യൂസ്

സി.എസ്.ഐ. കാട്ടാക്കട
ദക്ഷിണ കേരള മഹായിടവക (എസ്.ഐ.യു.സി)

Vol: 4 No:2
website: www.csikattakada.in
e-mail: csikattakada@gmail.com
ജൂലൈ 2015



യഹോവയായ ദൈവം മനുഷ്യനെകൂട്ടിക്കൊണ്ടുപോയി ഏദെൻ തോട്ടത്തിൽ
വേല ചെയ്‌വാനും അതിനെകാപ്പാനും അവിടെ ആക്കി. ഉല്പത്തി 2:15

## ഏര്യാ സണ്ടേസ്കൂൾ ചിത്രരചനാ മത്സരവിജയികൾ



ആരോൺ.ആർ.എസ്



എബിൻരാജ്



യുവജനസംഘടനയുടെ നേതൃത്വത്തിൽ
നടന്നുവരുന്ന കരിയർ ഗൈഡൻസ് പ്രോഗ്രാം

## 3rd Birthday



ആഷ്‌ലി ഷിബി

ആശംസകളോടെ
ഷിബി.ഇ & രമ്യ
മഹനീയം



# സി.എസ്.ഐ.കാട്ടാക്കട

# ചർച്ച് ന്യൂസ്

**Vol: 4 No:2**

**ജൂലൈ 2015**

Website: www.csikattakada.in
E-mail: csikattakada@gmail.com
Phone: 0471-2290544, 0471-2293617



### ഇടവകക്കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| റവ. ആർ.എസ്.സുരേഷ്കുമാർ | 9995364451 |
| റവ.സജി.എൻ.സ്റ്റുവർട്ട് | 8281620414 |
| ബ്രൈറ്റ്സിംഗ്.ബി (സെക്രട്ടറി) | 9495302818 |
| ബിനു.ജി.ആർ (അക്കൗണ്ടന്റ്) | 9895154173 |
| ഗ്ലാസ്റ്റൻ.എൻ | 9349992466 |
| ജനറ്റ്.ഡി | 9539822062 |
| ജീവൻ.എസ്.ജോയ് | 9633356393 |
| മിഖായേൽ.പി | 9446752853 |
| മോഹനദാസ്.ഡി | 9496658401 |
| റസലമ്മാൾ.ഇ | 9446173387 |
| ഷിബി.ഇ | 9895315202 |
| സൈറസ്.റ്റി | 2292433 |
| വിമൽരാജ്.ആർ | 8547492327 |

### എഡിറ്റോറിയൽ ബോർഡ്

റവ. ആർ.എസ്.സുരേഷ്കുമാർ
റവ.സജി.എൻ.സ്റ്റുവർട്ട്
ജെ.രത്നരാജ്
(എഡിറ്റോറിയൽ ബോർഡ് അഡ്വൈസർ)
ബി.ബ്രൈറ്റ്സിംഗ്
മോഹനദാസ്.ഡി
സോഫിയ.എസ്.ഡി
ജിജിക്കുഞ്ഞ്.സി
റോസിൻജാവർട്ട്.ജെ
ബിനു.ജി.ആർ (കൺവീനർ)
റ്റി.എൽ. സത്യരാജ്(എഡിറ്റർ)

വിൽസിരാജ് (കപ്യാർ) 9446564482


## ഉള്ളടക്കം


Pastor's view — 5
റവ.ആർ.എസ്.സുരേഷ്കുമാർ

പ്രധാന പ്രോഗ്രാമുകൾ — 6

കാട്ടുമുന്തിരിങ്ങ കായ്ച്ചതെന്ത്? — 7
റവ.സജി.എൻ.സ്റ്റുവർട്ട്

കയീന്റെ വഴിപാട് — 11
മിനിജാസ്റ്റാസ്റ്റൻ

വാർത്തകൾ, അറിയിപ്പുകൾ — 13

ഗാനം — 14
മിലൻ ആർ.ബിനു


## ചർച്ച് ന്യൂസ് വരവ് - ചെലവ്

ജൂൺ 2015

| വരവ് | |
|---|---|
| പെരേപ്പാടൻസ് ഗോൾഡ് പാർക്ക് | 1500 |
| ജയപ്രകാശ്, ജയഭവൻ | 500 |
| സത്യസാം.ജി.എസ് , ജി.എസ്.ഭവൻ | 1000 |
| പ്രശാന്ത്, സ്നേഹതീരം | 500 |
| വിനിൽ ജോസ് | 500 |
| സ്റ്റുഡന്റ്സ് അക്കാഡമി | 2000 |
| പി.ആർ.വില്ല്യം എച്ച്.എസ്.എസ് | 2000 |
| ആകെ വരവ് | 8000 |

| ചെലവ് | |
|---|---|
| കളർപേജ് ഡിസൈനിംഗ് | 1000 |
| പ്രിന്റിംഗ് | 6500 |
| ആകെ ചെലവ് | 7500 |


Published by CSI Kattakada
(For private circulation only)
Printed at C.S.Offset Kattakada
Colour Pages: Click digital Studio

## എഡിറ്റോറിയൽ

ഭരണസിരാകേന്ദ്രങ്ങളിൽ നിലനില്പിനും കെട്ടുറപ്പിനുമായി എത്ര തരംതാണ വിട്ടുവീഴ്ചയ്ക്കും തയ്യാറാകുന്ന നേതൃത്വം. അഴിമതിക്കെതിരെ വിരൽ ചൂണ്ടാനുള്ള ആർജ്ജവമില്ലാത്ത അവസ്ഥ. പണവും സ്വാധീന ശക്തിയുമുള്ളവർ തുല്യരാണ്. കുറ്റവാളികളാണെങ്കിൽപ്പോലും അധികാരികൾ അവരെ സംരക്ഷിച്ചും സഹായിച്ചും കൂടുതൽ തുല്യത ഉറപ്പാക്കുന്നു. വേദന അനുഭവിക്കുന്നവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും ചേർന്നു നിന്ന് നീതിയോടെ പ്രവർത്തിക്കുവാനാണ് കർത്താവ് നമ്മെ പഠിപ്പിച്ചത്. അതാണ് സഭയുടെ ദൗത്യവും.

പത്രാധിപസമിതിക്കുവേണ്ടി,
സോഫിയ. എസ്.ഡി


Best Wishes

**സ്റ്റീഫൻസൻ & ഫാമിലി**
ജോസ്ഭവൻ, നെടുവത്താൻകുഴി




## വാർഡ് കൺവെൻഷൻ ☼ 11 –ാം ഭാഗം

സ്ഥലം : ചാരുപാറ
തീയതി : 26.7.2015 ഞായറാഴ്ച വൈകുന്നേരം 6.30
മുഖ്യ പ്രസംഗകൻ : **റവ. എൻ.അജി**
(സി.എസ്.ഐ.പുന്നാവൂർ)

എവരെയും സ്വാഗതം ചെയ്യുന്നു.

- വാർഡ് കൺവെൻഷൻ കമ്മിറ്റി

| വരവ് – ചെലവ് മെയ് 2015 | സഭ | മിഷണറി ഫണ്ട് | ഗാർഡൻ ഫണ്ട് | പൂവർ ഫണ്ട് | പാലിയേറ്റീവ് കെയർ |
|---|---|---|---|---|---|
| വരവ് (മുൻ നീക്കിയിരിപ്പുൾപ്പെടെ) | 200730 | 134486 | 10226 | 105074 | 45812 |
| ചെലവ് | 244330 | 109729 | 2890 | 49850 | 88594 |
| നീക്കിയിരിപ്പ് | – | 24757 | 7336 | 55224 | – |
| അധികചെലവ് | 43600 | – | – | – | 42782 |



കർത്താവിൽ പ്രിയരെ,

## Pastor's view

"അവൻ ദൈവത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് അവന് യാതൊരു കേടും പറ്റിയതായി കണ്ടില്ല"(ദാനിയേൽ 6:23). ദാനിയേലിനെക്കുറിച്ചുള്ള ഈ സാക്ഷ്യം ജൂൺ മാസത്തിൽ അനുഭവിക്കാൻ സഭയെ ദൈവം കരുതിയതിനാൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ച് ദൈവത്തിൽ ആശ്രയം അർപ്പിക്കുമ്പോൾ ദൈവം അനുഗ്രഹപ്രദമായി നമ്മെ നടത്തുന്നു. അതിനാൽ എല്ലായ്പ്പോഴും ദൈവത്തിന് നന്ദി കരേറ്റാം.

വിശുദ്ധ ആരാധന, വ്യാഴാഴ്ച ആരാധന, വെള്ളിയാഴ്ചത്തെ പ്രാർത്ഥനാശുശ്രൂഷ, ഉപവാസ ആരാധന, ഭവന ആരാധന, സീനിയർ സിറ്റിസൺ ഫെലോഷിപ്പ്, സംഘടനകളുടെ ആരാധനകൾ എല്ലാം സജീവമാകുമ്പോൾ അതിലൂടെ കൂട്ടായ്മ ശക്തിപ്പെടുന്നു. കൂട്ടായ്മയുടെ ശാക്തീകരണം സഭയുടെ വളർച്ചയുടെ അടിസ്ഥാനമത്രെ. സഭയുടെ നിലനിൽപ്പിന് ആവശ്യം പുതുതലമുറ ദൈവഭക്തിയിൽ വളരുന്നതാണ്. ജൂനിയർ വിഭാഗത്തിലെ കുട്ടികൾ സണ്ടേസ്കൂളിലോ, യുവജനസഖ്യത്തിലോ, ആരാധനയിലോ പങ്കെടുക്കുന്നില്ല എങ്കിൽ അതിന്റെ ഉത്തരവാദിത്തം രക്ഷകർത്താക്കൾക്ക് ആണ് എന്ന യാഥാർത്ഥ്യം കണ്ടില്ലെന്ന് നടിക്കരുത്.

കഴിഞ്ഞമാസം 28-ാം തീയതി നടന്ന പൊതുയോഗത്തിൽ പ്രാർത്ഥനാപൂർവ്വം പങ്കെടുത്ത എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. വൈവിധ്യമായ അഭിപ്രായങ്ങളിലൂടെയും വിമർശനങ്ങളിലൂടെയും സഭയെ അതിന്റെ ലക്ഷ്യത്തിൽ നിലനിൽക്കാൻ കാലാകാലങ്ങളിൽ പൊതുയോഗങ്ങൾ സഹായിച്ചിട്ടുണ്ട്. പൊതുയോഗത്തിന്റെ അംഗീകാരത്തോടെ ചെയ്യുന്ന ചെറുതും വലുതുമായ എല്ലാ വികസന പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിച്ച് സഭയുടെ വളർച്ചയിൽ എല്ലാ കുടുംബങ്ങളും പങ്കാളികളാകാൻ ദൈവം സഹായിക്കട്ടെ.

മിഷണറി പ്രവർത്തനം, സാധുസംരക്ഷണ സമിതി, പാലിയേറ്റീവ് കെയർ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി പങ്കാളികളാവുകയും സഹകരി

ക്കുകയും ചെയ്യുന്ന എല്ലാവരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

രോഗികൾക്കും അപകടങ്ങളിൽപെട്ട് കഴിയുന്നവർക്കായും പ്രായമുള്ളവർക്കായും പ്രത്യേകം പ്രാർത്ഥിക്കാൻ ഓർമ്മപ്പെടുത്തുന്നു.

ഈ മാസം പുതിയ വയസിലേയ്ക്ക് പ്രവേശിക്കുന്നവരെയും കുടുംബ വാർഷികമുള്ളവരെയും ദൈവം അനുഗ്രഹിക്കട്ടെ. ജൂൺ മാസത്തിൽ കുടുംബജീവിതത്തിൽ പ്രവേശിച്ചവർക്ക് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന നന്മകൾ കാലാകാലങ്ങളിൽ ലഭ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

പ്രാർത്ഥനാപൂർവ്വം

റവ: ആർ.എസ്. സുരേഷ്കുമാർ

## പ്രധാന പ്രോഗ്രാമുകൾ

### ജൂലൈ 2015




| | | | | |
|---|---|---|---|---|
| 5 | ഞായർ | 8.00 | AM | വിശുദ്ധ തിരുവത്താഴ ആരാധന |
| | | 11.00 | AM | വികസന കമ്മിറ്റി |
| | | 12.00 | PM | കരിയർ ഗൈഡൻസ് പ്രോഗ്രാം-കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീ.അനിക്കുട്ടൻ, കരിച്ചാറുവിള) |
| 9 | വ്യാഴം | 6.00 | PM | മിഷണറി കമ്മിറ്റി |
| | | 7.00 | PM | സന്ധ്യാരാധന |
| 12 | ഞായർ | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | ചർച്ച് കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന |
| 14 | ചൊവ്വ | 9.30 | AM | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 16 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 18 | ശനി | 9.30 | AM | **ഉപവാസ ആരാധന** |
| 19 | ഞായർ | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | പുവർഫണ്ട്/പാലിയേറ്റിവ്കെയർ കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന |
| 23 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 26 | ഞായർ | 7.00 | AM | **ഇംഗ്ലീഷ് ആരാധന** |
| | | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | ചർച്ച്ന്യൂസ് എഡിറ്റോറിയൽ കമ്മിറ്റി |
| | | 6.30 | PM | ***വാർഡ് കൺവെൻഷൻ*** (11-ാം ഭാഗം, ചാരുപാറ) |



# കാട്ടുമുന്തിരിങ്ങ കായ്ച്ചതെന്ത്?

റവ. സജി. എൻ. സ്റ്റുവർട്ട്

യെശയ്യാ പ്രവചനം 5-ാം അധ്യായം 4-ാം വാക്യത്തിന്റെ അവസാന ഭാഗം നൽകുന്ന ദർശനമാണിത്. മുന്തിരിത്തോട്ടം സംരക്ഷിച്ച്, നിലം ഒരുക്കി ഏറ്റവും സമ്പന്നമായ മുന്തിരിവള്ളി നട്ടപ്പോൾ തോട്ടക്കാരനു ഒട്ടേറെ പ്രതീക്ഷകൾക്കു വകയുണ്ടായിരുന്നു. ആയതിനാൽ അദ്ദേഹം ഒട്ടേറെ പദ്ധതിയും സ്വപ്നങ്ങളും ആവിഷ്ക്കരിച്ചിരുന്നു. 5-ാം അധ്യായം 2-ാം വാക്യം ഇപ്രകാരം പറയുന്നു. "...വേലികെട്ടി, അതിലെ കല്ല് പെറുക്കിക്കളഞ്ഞു, അതിൽ നല്ലവക മുന്തിരിവള്ളി നട്ടു..." അതിനുശേഷം മുന്തിരി കായ്ക്കുമെന്ന് ആകാംക്ഷയോടെ കാത്തിരുന്നു. എന്നാലോ കിട്ടിയത് കാട്ടുമുന്തിരിങ്ങ ആയിരുന്നു. ആയതിനാൽ ഉടയവൻ കോപിച്ചിട്ട് എല്ലാവിധ സംരക്ഷക സജ്ജീകരണങ്ങളും തകർത്തുകളഞ്ഞ് മുന്തിരിത്തോട്ടം അനാഥമാക്കിക്കളഞ്ഞു. മുള്ളും പറക്കാരയും നിറഞ്ഞ് തോട്ടം അന്യാധീനപ്പെട്ടു.


നമ്മുടെ നാടും, സമൂഹവും എന്തിനേറെ വിശ്വാസജീവിതവും ഇപ്രകാരം മുള്ളും പറക്കാരയും നിറഞ്ഞ് കാട്ടുമുന്തിരിങ്ങകളാൽ നിറഞ്ഞിരിക്കുന്നു. യെശയ്യാ പ്രവചനം 5:20 പറയുന്നത്, "തിൻമയ്ക്ക് നൻമ എന്നും നന്മയ്ക്ക് തിൻമ എന്നും പേർ പറകയും, ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും, കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്കോ അയ്യോ കഷ്ടം!" എന്നാണ്. അതുകൊണ്ട് ദേശം സന്തോഷവും സമാധാനവുംകൊണ്ട് നിറകയില്ല. യെശയ്യാ പ്രവചനം 5 : 26 പറയുന്നത് ഇവരുടെ മധ്യേ ദൂരത്തുള്ള ജാതികൾ കൊടി ഉയർത്തി അധികാരം സ്ഥാപിക്കും എന്നാണ്.

പ്രിയജനമേ, നമ്മുടെ അവസ്ഥയും ഇപ്രകാരം ദൂരത്തുള്ള ജാതികളുടെ കീഴിലും അവയുടെ മുള്ളിലും പറക്കാരയിലും പെട്ട് ചക്രശ്വാസം വലിച്ചും, കാട്ടുമുന്തിരിങ്ങ പോലെയുമാണ്. യെശയ്യാ പ്രവാചകൻ പ്രവചനത്തിലൂടെ യിസ്രായേൽ ഗൃഹത്തെയും, യഹൂദാ പുരുഷൻമാരെയും നോക്കി മാത്രമല്ല പ്രസ്താവിക്കുന്നത്, നമ്മെ നോക്കിയും കൂടെയാണ്. തോട്ടക്കാരൻ (ദൈവം) വിദേശ മിഷണറിമാരെ ദർശനങ്ങളോടെ നമ്മുടെ

ദേശത്തിലാക്കി, നമ്മെ സമ്പന്നമാക്കി, പുഷ്ടിയോടെ വളർത്തുവാൻ വേണ്ടി പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിച്ചു. വിദ്യാഭ്യാസ മേഖലയിൽ തന്നെ ചലനം സൃഷ്ടിച്ചുകൊണ്ട് സ്ഥാപിതമായ സ്ഥാപനങ്ങളിലൂടെ നമ്മെ നല്ല നിലങ്ങളാക്കി സജ്ജരാക്കി എങ്കിൽ, ഇന്നത്തെ കാലത്തിൽ കാട്ടുമുന്തിരങ്ങകളായി ആരാലും അംഗീകരിക്കപ്പെടാതെ എല്ലാവരാലും അവഗണിക്കപ്പെടുന്ന തരത്തിൽ മാറ്റപ്പെടുകയാണ്. നമ്മെ ഭരിക്കുന്നത് ദൂരത്തുള്ള ജാതികൾ അഥവാ ദൈവത്തെ അംഗീകരിക്കാത്തവരാണ്.

ചരിത്രത്തെ ചലിപ്പിച്ച ഐഡാ സ്കഡർ (വെല്ലൂർ മെഡിക്കൽ കോളേജ്) ഒരു ഡോക്ടറാണ്. നമ്മുടെ ഇടയിൽ ആയിരമായിരം ഡോക്ടർമാർ ഇന്നുണ്ട്. എന്നാൽ ഐഡാസ്കഡറെ പോലുള്ളവരെ ഇന്നു കിട്ടുന്നില്ല. ഫാദർ ഡാമിയൻ (കുഷ്ഠരോഗ നിവാരണം) ഒരു പുരോഹിതനാണ്. എന്നാൽ ഇന്നത്തെ പൗരോഹിത്യത്തിന് ഫാദർഡാമിയൻ ആകാൻ കഴിയുന്നില്ല. ചെരുപ്പുകുത്തിയായ വില്യംകേറി സെറാംപൂർ യൂണിവേഴ്സിറ്റി സ്ഥാപിച്ചു. അനേകം കൂലിവേലചെയ്യുന്ന സഹോദരങ്ങൾ നമുക്കുണ്ട്. അവരിൽ നിന്നും വില്യംകേറിയെപ്പോലുള്ളവർ രൂപപ്പെടുന്നില്ല. വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്ന അബ്രഹാം, യോസെഫ്, ദാനിയേൽ തുടങ്ങിയ പേരുകൾ നമ്മുടെ മക്കൾക്ക് നൽകാറുണ്ട്. എന്നാൽ നമ്മുടെ പ്രവൃത്തികൾ നിലവാരം കുറഞ്ഞതായി മാറിപ്പോകുന്നു.

പ്രീയജനമേ നമുക്ക് ഉണരാം. നാം ഇനിയും നിർജ്ജീവരായിപ്പോയാൽ, വീണ്ടും കാട്ടുമുന്തിരങ്ങയുടെ അനുഭവം ആണെങ്കിൽ, നമ്മുടെ ദൈവം നമുക്ക് വേണ്ടി ഒരുക്കിയ നിലത്തെ ഉപേക്ഷിച്ചിട്ട് അന്യജാതികളെ ഏൽപിക്കും. കാട്ടുമുന്തിരങ്ങകളായ പക, പിണക്കം, ദ്വന്ദപക്ഷം, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ക്രോധം, ശാഠ്യം, ഭിന്നത, അസൂയ, മദ്യപാനം എന്നിവയാൽ സമൂഹം നിറയും. ഇവയെ ഉപേക്ഷിച്ച് നല്ല മുന്തിരിങ്ങകളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ പകർന്നുനൽകാൻ ശ്രദ്ധിക്കാം..ശ്രമിക്കാം. സർവ്വശക്തൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ○



## വിവാഹവാർഷിക ആശംസകൾ

| | |
|---|---|
| ജോൺറോസ് & ഐവി | ലളിതാകോട്ടേജ് |
| ജ്ഞാനദാസ് & സുഗന്ധിബായി | ജിജോഭവൻ |
| എഡ്വിൻ ആൻസലം & രേഖ | തോട്ടമ്പറ |
| സെൽവരാജ് & സുജനി | തോട്ടമ്പറ |
| അനിൽ പ്രദീപം & സരിത | പ്രദീപ് നിവാസ് |
| ഒളിവർ ആസ്റ്റിൻ & ലത ആസ്റ്റിൻ | ഗ്രേസ് ലാന്റ് |
| സുരേഷ്കുമാർ & അഖില | കുഴലാർ |
| ബാബു & സിസിലറ്റ് | കുഴിവിള |

BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTH

# ജന്മദിനാശംസകൾ

ജിനുവിൻദാസ്, ലിറ്റിൽഹൗസ്
ക്രിസ്റ്റൽജോയ്, ജെ.സി. ഭവൻ
ഷിനോ എസ്.ജെ., ഷൈൻസ് ഗാർഡൻസ്
ക്രിസ്റ്റൽലീല ടീച്ചർ, ആൽഫ
അക്ഷയ്, നിലാവ്
അനന്തു പി.എം., പാരഗൺ ഹൗസ്
ചെറുപുഷ്പം, ആലമുക്ക്
സിജോ എസ്.എസ്., കുഴലാർ
ജോബി സുനിൽ, കുമാർ ബിൽഡിംഗ്സ്
അനശ്വര രജനീഷ്, സുനിതാ ഭവൻ
ബേബി ജി., സുമനിലയം
ഷിബിൻ ജെ.എസ്., തലയ്ക്കൽ വിളാകം
പ്രസന്നകുമാർ, ഒമേഗാഭവൻ
കുട്ടപ്പൻ, മൂങ്ങോട്
വനജ ടീച്ചർ, ദീപം
ലിയ ജെ.സേവ്യർ, റേയ്സ്, തോട്ടമ്പാറ
ജെസ്സറ്റ് ബായി, ജെ.ജെ.ഭവൻ
ഐസക്.എം, എസ്.എം.കോട്ടേജ്
ലോറൻസ്, അയണിവിള
ഫിലോമിന, ലിജോഭവൻ
അജിൻജോൺസൻ, അജിൻഭവൻ
എഡിസൺ.ജെ., ഷിബിഭവൻ
രാജൻ, ചാമവിള
പ്രൊഫ: ജോസഫിൻബെല്ല, സീന
നിതിൻ.വി. മോഹൻ, അനുപമ
സൂര്യ, സുനിൽഭവൻ
ചെല്ലത്തമ്പി, തുരുമ്പാട്
ജോസ്ന, അനുപമ
സജു, മൂങ്ങോട്
ഫെബിൻ ജെ.എസ്., കുഴലാർ
ബേബി, അരുവിമുഖം
സോഫിൻ ദാനിയേൽ, സോഫിൻഭവൻ
അഭിജിത്ത്, സുരാജ്ഭവൻ
ജി.സ്റ്റീഫൻസൻ,തോട്ടമ്പാറ
കമലം, കൊല്ലംവിളാകം
ശീലാസ്, നിഖിൽനിവാസ്
നിവിൻ.എസ്.എസ്, എസ്.എസ്.നിവാസ്
സെബാസ്റ്റ്യൻ, സുജഭവൻ
ജയൻ, പ്ലാങ്കാലക്കോണം
പുഷ്പരാജ് ബി, ചാമവിള
എം.എസ്. അമിത്, എം.എസ്. കോട്ടേജ്
വർഗ്ഗീസ്, ബിനുഭവൻ
തങ്കമണി, പ്രസാദ് ഭവൻ
സരോജിനി, ഡി.എസ്. വില്ല
അലീന എ.വി., എസ്.ആർ. ഭവൻ
മിഥുൻ, പി.കെ മന
ശോഭനദാസ്, ഷൈൻസ്ഗാർഡൻ
സോഫിയ, ചരിവുവിള
സജീവ്ദാസ്, മശിഹാഭവൻ

വിനിസ്റ്റർ കുമാർഎലിശ, കമലാഭവൻ
വർഗ്ഗീസ്, സുരേഷ് കോട്ടേജ്
അനീഷ്യ, കൊല്ലംവിളാകം
ഷൈൻദാസ് എസ്.എസ്., ചോലയിൽ
നീതു, മൂങ്ങോട്
അശ്വതി റ്റി., സ്നേഹഭവൻ
ചെല്ലമ്മക്രിസ്റ്റി, ചാമവിള
സ്റ്റാൻലിജയിംസ് പ്രദീപം, സ്നേഹ
ശ്രീവിദ്യ, വിദ്യാ ഭവൻ
ജിതിൻ വി.പി., ഗ്രേസ്ഡെയിൽ
ആഷ്ലി ഷിബി, ഷിബി ഭവൻ
കമലമ്മ, വിജയ ഭവൻ
ഡേവിഡ് ജോഷിൻ വി.എസ്., ഷാരേൺ
ഷെറിൻ, ഉഷസ്സ്
സുശീല, ചാമവിള
വിനയരാജ്, കാന്തള ബംഗ്ലാവ്
വിൽസ് രാജ്, ജെയ്ഡാ വിലാസം
മിശിഹാദാസ്, മിശിഹാ ഭവൻ
റവ. സുനിൽസൈ, പാരഡെയ്സ്
ശിംശോൻ, കരിച്ചാറവിള
ശ്രുതി, കാവുവിള പുത്തൻവീട്
റവ.ആർ.എസ്.സുരേഷ്കുമാർ, പാഴ്സനേജ്
ജസ്റ്റിൻജോസ്, ചാമവിള
ഐറിൻ എം.സി. മാത്യൂസ്
ലിയാ എസ്. ഫ്രാങ്ക്ളിൻ, തച്ചൻകോട്
റിഥിൻ എസ്. രാജേഷ്, പത്മവിലാസം
പ്രസീന ടീച്ചർ, റോയ്സ്
നെൽസൺ കെ., ജി.കെ. ഭവൻ
ജിനിൽജിത്ത്, ജീനാ ഭവൻ
റോബി, റോബി ഭവൻ
കിരൺ സോഫിയ, ഏദൻ
അതുൽ, കീർത്തനം
അഭിഷേക് ബി.എസ്., ബിനുഭവൻ
പ്രസന്നകുമാർ. ജെ.പി., പാരഗൺ ഹൗസ്
സാന്ദ്ര എസ്. തോമസ്, ഗ്രേസ് നിവാസ്
ജസീന്ത ടീച്ചർ, മ്യൂസിക് ഭവൻ
റോഷൻ അജിത്, കരുണാനിവാസ്
റോസി സുരേന്ദ്രൻ, മൂങ്ങോട്
അജിത് രാജ്, ഗ്രീൻവില്ല
അഖിൽദാസ്, ചാമവിള
സത്യലാജി ജി.എസ്., സത്യഭവൻ
പ്രസന്നകുമാരി, വിജയഭവൻ
വിൻസി, സുരേഷ്കോട്ടേജ്
ഷൈൻജോയ്, ഷൈൻനിവാസ്
ദാനിയേൽ, ചരിവുവിള
ഡോ: സെലിൻജോയ്, മെരിലാന്റ്
സ്റ്റീഫൻസൻ, അക്ഷയ
നവീൻ, പ്രശാന്ത്
കുമാരി, കരിച്ചാറവിള

## സണ്ടേസ്കൂൾ – സഭാതല കലാമത്സര വിജയികൾ

**ശിശുവകുപ്പ് ലളിതഗാനം (ആൺ)**
1. മിലൻ ആർ. ബിനു

**ശിശുവകുപ്പ് ലളിതഗാനം (പെൺ)**
1. ലിയ 2. റോഷ്ന

**ശിശുവകുപ്പ് അഭിനയഗാനം (ആൺ)**
1. മിലൻ ആർ. ബിനു

**ശിശുവകുപ്പ് അഭിനയഗാനം (പെൺ)**
1. നിയാവിൽഫ്രഡ് 2. റോഷ്ന

**ശിശുവകുപ്പ് കഥാകഥനം**
1. നിയാവിൽഫ്രഡ് 2. മിലൻ ആർ.ബിനു

**ബാലവകുപ്പ് സോളോ (പെൺ)**
1. നവിത.എസ്.ബി 2. ആഷ്ന

**ബാലവകുപ്പ് സോളോ (ആൺ)**
1. റിജോ

**ബാലവകുപ്പ് അഭിനയഗാനം (പെൺ)**
1. ആഷ്ന 2. നവിത.എസ്.ബി

**ബാലവകുപ്പ് അഭിനയഗാനം (ആൺ)**
1. റിജോ

**ബാലവകുപ്പ് സമൂഹഗാനം**
1. ആഷ്ന & പാർട്ടി

**ജൂനിയർ സോളോ (ആൺ)**
1. രോഹിത്.എസ്.എ

**ജൂനിയർ സോളോ (പെൺ)**
1. ഹൃദ്യ 2. മീട്ടു.ആർ.ബിനു

**ജൂനിയർ (ക്വിസ്)**
1. നിത്യ 2. മീട്ടു.ആർ.ബിനു

**ജൂനിയർ (പ്രസംഗം)**
1. മീട്ടു.ആർ.ബിനു 2. ഹൃദ്യ

**ജൂനിയർ (വാക്യം കണ്ടെത്തൽ)**
1. ഹൃദ്യ 2. ആരോൻ

**ഇന്റർ സോളോ (പെൺ)**
1. സ്നേഹാദാസ്

**ഇന്റർ (ക്വിസ്)**
1. അഭിരാമി 2. അയന

**ഇന്റർമീഡിയറ്റ് (പ്രസംഗം)**
1. അയന 2. സ്നേഹാദാസ്

**ഇന്റർ (വാക്യം കണ്ടെത്തൽ)**
1. സ്നേഹാദാസ് 2. അഭിരാമി

**സീനിയർ (ക്വിസ്)**
1. വിനീത

**സൂപ്പർസീനിയർ ലളിതഗാനം (പെൺ)**
1. ഫെമിജോസ്

**സൂപ്പർസീനിയർ (ക്വിസ്)**
1. പ്രവീൺ 2. ഗോപു

**അഡൽറ്റ് (ക്വിസ്)**
1. ജിഷാ ജാസ്മിൻ

**അദ്ധ്യാപകർ ലളിതഗാനം (പെൺ)**
1. സുനുജോയൽ

**അദ്ധ്യാപകർ ലളിതഗാനം (ആൺ)**
1. ബിനു.എൽ.എസ്




### മുഖചിത്രത്തെക്കുറിച്ച്

എല്ലാ വർഷവും ജൂലൈ ആദ്യവാരം "വനമഹോത്സവ്" (Tree Festival) ആയി ആചരിക്കുന്നു. മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, അവയെ സംരക്ഷിക്കുന്നതിനും,പരിപാലിക്കുന്നതിനും പൊതുജന അവബോധം സൃഷ്ടിക്കുന്നതിനും 1950-ൽ കേന്ദ്ര ഭക്ഷ്യ-കൃഷി വകുപ്പ് മന്ത്രിയായിരുന്ന കെ.എം.മുൻഷിയാണ് ഇതിന് തുടക്കം കുറിച്ചത്. **മരമില്ലെങ്കിൽ മനുഷ്യനില്ല** എന്ന തിരിച്ചറിവ് എന്നാണ് നമുക്കുണ്ടാവുക?...





മിനിജാ ഗ്ലാഡ്സ്റ്റൻ

# കയീന്റെ വഴിപാട്

കൃഷിക്കാരനായ കയീനും ആട്ടിടയനായ ഹാബേലും യഹോവയ്ക്ക് ഓരോ വഴിപാട് കൊണ്ടുവന്നു. "യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല"(ഉല്പ.4:5). കേടായ പച്ചക്കറികൾ യാഗം കഴിച്ചതു കൊണ്ടല്ല കയീനിൽ യഹോവ പ്രസാദിക്കാതിരുന്നത്. കയീൻ എന്ന വ്യക്തിയിലോ അവന്റെ ജീവിതത്തിലോ യഹോവയ്ക്ക് പ്രസാദമില്ലായിരുന്നു. മാത്രമല്ല കയീന് തന്റെ സഹോദരനായ ഹാബേലിനോട് നിരപ്പുള്ള ഒരു മനോഭാവമായിരുന്നില്ല ഉണ്ടായിരുന്നത്. ഒരുവൻ വഴിപാടുമായി യാഗപീഠത്തിനരികിലേക്ക് വരുമ്പോൾ ദൈവം നോക്കുന്നത് അവന്റെ ജീവിതത്തെയും ഹൃദയവിചാരങ്ങളെയുമാണ്. യാഗവസ്തുവിന്റെ വലിപ്പത്തെയോ ഗുണത്തെയോ അല്ല.

കയീൻ മണ്ണിൽ കഠിനാദ്ധ്വാനം ചെയ്ത് ജീവിക്കേണ്ട ഒരു കർഷകന്റെ ജീവിതം തെരഞ്ഞെടുത്തപ്പോൾ ഹാബേൽ താരതമ്യേന സുഖകരമായ ആട്ടിടയന്റെ ജീവിതമാണ് തെരഞ്ഞെടുത്തത്. ഹാബേലിനോട് കയീന് അസൂയ തോന്നുക സ്വാഭാവികം. മാത്രമല്ല നീതിമാനായ ഹാബേൽ വളരെ സന്തോഷവും സമാധാനവും നിറഞ്ഞ ഒരു ജീവിതമാണ് നയിച്ചിരുന്നത്. ഇതും കയീന്റെ അസൂയയ്ക്ക് കാരണമായി. "വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു"(എബ്രാ 11:4).

നന്മ ചെയ്യാത്തവനായിരുന്നു കയീൻ. "നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ"? എന്ന് ദൈവം തന്നെ കയീനോട് ചോദിക്കുന്നു. നന്മ ചെയ്യാത്തവ

രുടെ ജീവിതവും വഴിപാടും ദൈവത്തിന് പ്രസാദകരമല്ലെന്ന് ഇവിടെ വ്യക്തമാണ്. പഴയ നിയമകാലത്ത് ഒരു വ്യക്തിയുടെ സ്വഭാവത്തിനനുസരിച്ചുള്ള പേരാണ് ഓരോരുത്തർക്കും നല്കപ്പെട്ടിരുന്നത്. 'ഹാബേൽ' എന്ന വാക്കിന്റെ അർത്ഥം 'മകൻ' എന്നാണെങ്കിൽ 'കയീൻ' എന്ന വാക്കിന്റെ അർത്ഥം 'കുന്തം' എന്നാണ്. ഇതിൽ നിന്നുതന്നെ രണ്ട് വ്യക്തികളുടെയും സ്വഭാവത്തിലെ അന്തരം നമുക്ക് മനസിലാക്കാം.

ഹാബേൽ തനിക്കുള്ളതിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായതാണ് വഴിപാടായി കൊണ്ടുവന്നത്. എന്നാൽ കയീൻ നിലത്തെ അനുഭവത്തിൽ നിന്ന് ചിലത് മാത്രമാണ് വഴിപാടായി കൊണ്ട് വന്നത്. ഏറ്റവും മെച്ചമായതിനെ ദൈവത്തിന് നല്കുമ്പോൾ ദൈവം പ്രസാദിക്കുന്നു. നീതിമാനായ ഹാബേലിൽ ദൈവം പ്രസാദിച്ചപ്പോൾ നന്മചെയ്യാത്ത കയീനിൽ പ്രസാദിച്ചില്ല.

കയീന്റെ മറ്റ് ചില സ്വഭാവങ്ങൾ പിന്നത്തേതിൽ നമുക്ക് കാണാൻ കഴിയും. സഹോദരൻ അനുഗ്രഹിക്കപ്പെട്ടപ്പോൾ അങ്ങേയറ്റം കോപിക്കയും മുഖം വാടുകയും ചെയ്ത കയീനെയാണ് അവിടെ കാണുന്നത്. സഹോദരനെ തന്നെപ്പോലെ സ്നേഹിക്കാതിരുന്നത് കൊണ്ടാണ് അവനുണ്ടായ അനുഗ്രഹത്തിൽ സന്തോഷിക്കാൻ കഴിയാതെ പോയത്. ഒരു തെറ്റും ചെയ്യാത്ത സഹോദരനോട് കയർക്കുകയും അവനെ കൊല്ലുകയും ചെയ്തു.

ദൈവത്തോട് പോലും കള്ളം പറയാൻ മടിയില്ലാത്തവനായിരുന്നു കയീൻ. 'ഹാബേൽ എവിടെ' എന്ന് ദൈവം ചോദിച്ചപ്പോൾ 'ഞാൻ അറിയുന്നില്ല' എന്നാണവൻ പറഞ്ഞത്. ദൈവഭയമില്ലാത്തവനായിരുന്നു കയീൻ.

കയീന്റെ യാഗം ദൈവസന്നിധിയിൽ ശാപത്തിന് കാരണമായിത്തീർന്നു. ഹാബേലിനെ കൊലചെയ്ത കയീന് ആ ദേശം വിട്ട് പോകേണ്ടിവന്നു. കൃഷി ചെയ്യുമ്പോൾ നിലം അതിന്റെ വീര്യം കൊടുക്കാതെയായി. അവൻ ഭൂമിയിൽ ഉഴന്നലയുന്നവൻ ആയിത്തീർന്നു.

നമ്മുടെ ആരാധനകളും വഴിപാടുകളും ഏത് മനോഭാവത്തോടയാണ് നാം ദൈവത്തിനർപ്പിക്കുന്നത്. മറ്റൊരുവനെക്കാൾ ശ്രേഷ്ഠനാകാനോ സ്വന്തം പുകഴ്ചയ്ക്കോ വേണ്ടി അർപ്പിക്കുന്ന ഒരു യാഗത്തിലും ദൈവം പ്രസാദിക്കുന്നില്ല. ദൈവത്തിന് പ്രസാദകരമല്ലാത്ത നീതിയുള്ള ജീവിതം നയിക്കാത്ത ആരുടെയും വഴിപാടുകളും ആരാധനകളും ദൈവം സ്വീകരിക്കുന്നില്ല. ദൈവത്തോടും മനുഷ്യരോടും നിരപ്പില്ലാതെ അർപ്പിക്കുന്ന വഴിപാടുകൾ പാപത്തിലേക്ക് നയിക്കയും ദൈവകോപത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു. ദൈവത്തിൽ നിന്നും അനുഗ്രഹം ലഭിക്കേണ്ടതിന് പകരം ശാപം ലഭിക്കുന്നതിനും ദൈവസന്നിധിയിൽ നിന്നും പുറന്തള്ളപ്പെടുന്നതിനും ഇടയായിത്തീരുന്നു. ○

## തൊഴിലവസരങ്ങൾ

സബ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ജയിലർ,
മെയിൽ വാർഡൻ, ഫയർമാൻ തുടങ്ങിയ തസ്തികകളിലേക്കുള്ള
നിയമനത്തിന് പി.എസ്.സി അപേക്ഷ ക്ഷണിച്ചു.

ഗസറ്റ് തീയതി : 11.6.2015
അവസാന തീയതി : 15.7.2015

# വാർത്തകൾ, അറിയിപ്പുകൾ

## പൂക്കൾ ഉപയോഗിച്ച് വിശുദ്ധാരാധനയിൽ അൾത്താര അലങ്കരിക്കുന്നവർ

05.07.2015 - ശ്രീ. ക്രിസ്തുദാസ് സാരസം & ഫാമിലി, ദീപാകോട്ടേജ്

12.07.2015 - ശ്രീ. ശോഭനദാസ് & ഫാമിലി, ഷൈൻസ് ഗാർഡൻസ്

19.07.2015 - ശ്രീ. ഇ.വിജയരാജ് & ഫാമിലി, ഗ്രേസ് ഡെയിൽ

26.07.2015 - ശ്രീ. പ്രൊഫ.എസ്.കമലമ്മ ടീച്ചർ & ഫാമിലി, സീജാനിവാസ്

## തിരുസഭായോഗം

സഭയിലെ തിരുസഭായോഗം 28-6-2015 സഭരാധനയ്ക്കുശേഷം നടന്നു. മുൻ മിനിട്സ്, വാർഷിക ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ചത് വിശദമായ ചർച്ചകൾക്കുശേഷം പാസ്സാക്കി.

## വികസന കമ്മിറ്റി

സഭയിലെ വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു സ്ഥിരം സംവിധാനം വേണമെന്ന സഭാകമ്മിറ്റിയുടെ തീരുമാനം പൊതുയോഗം അംഗീകരിച്ചു. ആയതനുസരിച്ച് ചുവടെചേർക്കുന്ന പ്രകാരം വികസനകമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

1. ഇടവക കമ്മിറ്റിയംഗങ്ങൾ
2. മഹായിടവക കൗൺസിൽ അംഗങ്ങൾ
3. മുൻ ഇടവക സെക്രട്ടറിമാർ
4. സംഘടനാ സെക്രട്ടറിമാർ
5. കാലാകാലങ്ങളിലെ ഇടവക കമ്മിറ്റി നോമിനേറ്റ് ചെയ്യുന്ന 2 സാങ്കേതിക വിദഗ്ധർ
6. കാലാകാലങ്ങളിലെ തിരുസഭായോഗം നോമിനേറ്റ് ചെയ്യുന്ന 3 വ്യക്തികൾ.

എല്ലാ മാസത്തിലും ആദ്യ ഞായറാഴ്ചയാണ് വികസനകമ്മിറ്റി ചേരുന്നത്.

## പാലിയേറ്റീവ് കെയർ

2015 മെയ് മാസം 52 പേർക്ക് 750 രൂപ ചെലവുവരുന്ന ഭക്ഷണകിറ്റ് നൽകി. കൂടാതെ 2000 രൂപ ഒരാൾക്കും, 1000 രൂപ വീതം 2 പേർക്കും, 500 രൂപ വീതം 21 പേർക്കും, 250 രൂപ വീതം 6 പേർക്കും നൽകി. പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. അശരണരെയും അഗതികളെയും പരിപാലിക്കുന്ന സഭയുടെ ഈ ദൗത്യത്തിന് എല്ലാസഭാജനങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## സണ്ടേസ്കൂൾ

❖ സണ്ടേസ്കൂളിന്റെ ഡിസ്ട്രിക്ട് കലാമത്സരങ്ങൾ ജൂലൈ 18 ശനിയാഴ്ച നടക്കുന്നു. സഭാതല വിജയികൾ ഇതിനായി ഒരുങ്ങുക.

## ബാലജനസഖ്യം

❖ ജൂൺ മാസത്തെ ആദ്യ ഞായറാഴ്ച ശ്രീ.രാജു.ഇ-യും കുടുംബവുമാണ് ബാലജനസഖ്യത്തിൽ ഗാനങ്ങൾ പഠിപ്പിച്ചത്. ഈ കുടുംബത്തിന് പ്രത്യേക നന്ദിയർപ്പിക്കുന്നു.

❖ ആദ്യലേലം 21.6.2015-ൽ നടത്തുകയുണ്ടായി.

❖ ഈവർഷത്തെ സഭാതല കലാമത്സരങ്ങൾ 5.7.2015 ഞായറാഴ്ച ആരാധനയ്ക്കുശേഷം നടത്തുന്നു. ഡിസ്ട്രിക്ട്തല കലാമത്സരങ്ങൾ 11.7.2015 ശനിയാഴ്ച നടത്തുവാനാണ് ക്രമീകരണം ചെയ്തിട്ടുള്ളത്.

## ഗാനം

കുഞ്ഞുകൈകൾ പിടിച്ചു
നടത്തുന്ന ദൈവമേ
ഹാലേലൂയാ.. ഹാലേ..ലൂ..യാ
(2)

കഷ്ടങ്ങളിൽ എന്നെ
താങ്ങുന്ന ദൈവമേ
ഹാലേലൂയാ.. ഹാലേ..ലൂ..യാ
(2)

ആരും തുറക്കാത്ത
വാതിൽ തുറന്നു
ഹാലേലൂയാ.. ഹാലേ..ലൂ..യാ
(2)





മിലൻ ആർ.ബിനു

## കരിയർ ഗൈഡൻസ് പ്രോഗ്രാം & പി.എസ്.സി. പരീക്ഷാ പരിശീലനം

വിവിധ ഉദ്യോഗങ്ങളിലേക്ക് തയ്യാറെടുക്കുന്നവർക്കായി യുവജനസംഘടനയുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസും, പരീക്ഷാ പരിശീലനവും ആരംഭിച്ചു. വ്യാഴം, ഞായർ എന്നീ ദിവസങ്ങളിലൊഴികെ മറ്റെല്ലാദിവസങ്ങളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെയാണ് ക്ലാസ് നടന്നുവരുന്നത്. ഇടവക പുരോഹിതരുടെ മേൽനോട്ടത്തിൽ സഭയ്ക്കുള്ളിൽ വെച്ചാണ് ക്ലാസ്സുകൾ നടക്കുന്നത്. വിദഗ്ധരായ അദ്ധ്യാപകർ ഇതിന് നേതൃത്വം നൽകുന്നു. ഈ അവസരം എല്ലാ ഉദ്യോഗാർത്ഥികളും പ്രയോജനപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു.

Jesus said..."I am the resurrection and the life. Those who believe in me,
even though they die, will live". John 11:25

നിത്യതയിൽ ഒരുവർഷം (28.7.2015)



# പ്രൊഫ. എൻ. രാമചന്ദ്രൻ (NRC)

(റിട്ട: പ്രൊഫസർ, കാട്ടാക്കട ക്രിസ്ത്യൻ കോളേജ് &
മുൻ സിൻഡിക്കേറ്റ് അംഗം, കേരളാ യൂണിവേഴ്സിറ്റി)
സീജാ നിവാസ്, ചൂണ്ടുപലക, കാട്ടാക്കട

ഭാര്യ: പ്രൊഫ: **എസ്. കമലമ്മ** (റിട്ട: പ്രൊഫസർ, ഗവ.കോളേജ്, കാഞ്ഞിരംകുളം)

| | | | |
|---|---|---|---|
| മക്കൾ: | ഡോ: സീനജ്ചന്ദ്രൻ.കെ.ആർ<br>ചീഫ് ഫിസിഷ്യൻ<br>കിംസ് ഹോസ്പിറ്റൽ, എറണാകുളം | പ്രൊഫ: ഡോ:സീജ.കെ.ആർ<br>പ്രൊഫസർ, ജാമിയ ഹംദർത്ത്<br>സർവ്വകലാശാല, ന്യൂഡൽഹി | ഡോ. സെജിൻചന്ദ്രൻ.കെ.ആർ<br>മാക്സിലോ ഫേഷ്യൽ സർജൻ<br>കമലാ ഡെന്റൽ/ PRS ഹോസ്പിറ്റൽ |
| മരുമക്കൾ: | മായാസീനജ്<br>ഡയറക്ടർ<br>ബീസ്, എറണാകുളം | പ്രൊഫ: ഡോ: എസ്. ശിവകുമാർ<br>പ്രൊഫസർ, ഇന്ത്യൻ<br>ലോ ഇൻസ്റ്റിറ്റ്യൂട്ട്, ന്യൂഡൽഹി | ഡോ: ബിനിത സെജിൻ<br>കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ്<br>പി.ആർ.എസ്.ഹോസ്പിറ്റൽ |
| കൊച്ചുമക്കൾ: | ആശിഷ് ചന്ദ്രൻ<br>ആഷിതാചന്ദ്രൻ | നിഖിൽ എസ്. ശിവകുമാർ<br>നന്ദിത എസ്. ശിവകുമാർ | ആർദ്ര.ബി.എസ് |

## അനുമോദനങ്ങൾ



ബീന.എം
അരുവിമുഖം
HSST (Senior - കോമേഴ്സ്)
ആയി നിയമനം ലഭിച്ചു.



സുമി.ഇ.ബി
ഷാജിഭവൻ
BSc (Botany) പാസ്സായി



ശരത് തോമസ്
CBSE 10th - 96%



അഞ്ജുപ്രിയ ബി.എസ്
SSLC പരീക്ഷാവിജയി



## 3rd Death Anniversary

**ഓമന**
ഉടയാൻകുഴി
ജനനം: 10.11.1957
മരണം: 19.7.2012

ഭർത്താവ്: തങ്കരാജ്
മക്കൾ: വിമൽകുമാർ, രതീഷ്കുമാർ
കവിത്രാരാജൻ
മരുമക്കൾ: ശ്രീജിത്, ആൻസി
കൊച്ചുമകൾ: ആൻഡ്രിയ.എ.ആർ